റിവർ മാനേജമെന്റ് ഫണ്ട് വിനിയോഗം

20 [2909] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗം സംബന്ധിച്ച കാര്യത്തിൽ നിലവിലുള്ള സംവിധാനം എന്താണ്;

(ബി) ഫണ്ടിൽ എത്ര കോടി രൂപയുണ്ട്; വരുമാനം ജില്ലതിരിച്ച് വ്യക്ത മാക്കാമോ;

(സി) ഫണ്ട് വിനിയോഗം സംബന്ധിച്ച തീരുമാനം എടുക്കുന്നതിന് എന്തെ ങ്കിലും മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം;

(ഡി) ഫണ്ട് വിനിയോഗം സംബന്ധിച്ച് ജനപ്രതിനിധികൾക്ക് അഭിപ്രായം പറയാനുള്ള അവസരം ഉറപ്പു വരുത്തുമോ?

ഉത്തരം

(എ) ഫണ്ട് വിനിയോഗിക്കുവാനുള്ള എല്ലാ വിവരങ്ങളും 2002 കേരളാ നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) 54,30,88,937 രൂപ. ഓരോ ജില്ലയിൽ നിന്നും ഇതുവരെ ലഭിച്ച സംഖ്യയുടെ കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	-	2,11,10,455
കൊല്ലം	-	3,04,46,702
പത്തനംതിട്ട	-	4,78,16,854
ആലപ്പുഴ	-	56,81,294
കോട്ടയം	-	1,12,28,266
ഇടുക്കി	-	57,35,703
എറണാകുളം	-	7,67,93,315
തൃശ്ശൂർ	-	6,18,38,384
പാലക്കാട്	-	4,95,85,332

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം	-	13,15,69,771
കോഴിക്കോട്	-	7,89,39,255
വയനാട്	-	14,55,520
കണ്ണൂർ	-	2,01,22,158
കാസറഗോഡ്	-	7,65,928
ആകെ	-	₹ 54,30,88,937

(സി) ജില്ലാ വിദഗ്ദ്ധ സമിതികളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ, സ്റ്റേറ്റ് ഹൈലെവൽ കമ്മിറ്റി പരിശോധിച്ച് ഭരണാനുമതി നൽകുന്നതിനുവേണ്ടി സർക്കാരിലേക്ക് ശുപാർശ ചെയ്യുന്നു. ഇവയാണ് സർക്കാർ അംഗീകരിച്ച് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത്.

(ഡി) ജില്ലാ വിദഗ്ദ്ധ സമിതികളിലുള്ള ജനപ്രതിനിധികളുടെ അംഗീകാരത്തോടെയാണ് പ്രൊപ്പോസലുകൾ സർക്കാരിലേക്ക് അയയ്ക്കുന്നത്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതികളാണ് മിക്കതും ജില്ലാ വിദഗ്ദ്ധ സമിതികൾ അംഗീകരിക്കുന്നത്. മറ്റ് ജനപ്രതിനിധികൾ നൽകുന്ന പ്രൊപ്പോസലുകളും പരിഗണനയ്ക്ക് അയച്ചുകൊടുക്കുന്നുണ്ട്.

റിവർ മാനേജ്മെന്റ് ഫണ്ടിൽ മിച്ചമുള്ള തുക

21 [2910] ശ്രീ. പി. ടി. തോമസ് :
,, ലൂഡി ലൂയിസ് :
,, കെ. ബാബു :
,, എം. എ. ചന്ദ്രശേഖരൻ :
,, എൻ. ഡി. അപ്പച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽ ഇപ്പോൾ എത്ര തുക മിച്ചമുണ്ട്;

(ബി) കടവുകളുടെ അറ്റകുറ്റങ്ങൾ നീക്കം ചെയ്യാനും പുതിയ പണികൾ നടത്താനും നദിക്കരകൾ മെച്ചപ്പെടുത്താനും മറ്റ് പണികൾക്കുമായി ഇതുവരെ എത്ര തുക ഈ ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്;

(സി) മണൽ വാരുന്നതിന് പാസ് നൽകി ഫീസ് ഈടാക്കുന്ന ഗ്രാമപഞ്ചായത്തുകൾ ഈ ഫണ്ടിലേക്ക് നൽകേണ്ട തുകയിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly